**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്- സൈനിക സേവനത്തിനിടെ ജമ്മുകാശ്മീരിൽ വച്ച് മരണപ്പെട്ട LNK.സൈമൺ ജെ-യുടെ മകൾ കുമാരി സൗമ്യ എസ്-ന് കോട്ടയം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

**സ.ഉ(കൈ)നം.4/2023/സൈ.ക്ഷേ.വ തീയതി, തിരുവനന്തപുരം: 12.01.2023**

---

പരാമർശം:- 1. കുമാരി സൗമ്യ എസ് - ന്റെ 18.11.2021 ലെ അപേക്ഷ.

2. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 21.02.2022 ലെ C2/354/2021-DSW നമ്പർ കത്ത്.

## ഉത്തരവ്

1. സൈനിക സേവനത്തിലിരിക്കുന്ന ജവാന്മാരോ, മിലിട്ടറിയുമായി അറ്റാച്ചായിരിക്കുന്ന GREF ജവാന്മാരോ ഓപ്പറേഷണൽ ഏര്യായിലോ/ഫീൽഡ് ഏര്യയിലോ വച്ച് High Altitude കാരണമോ, മോശമായ കാലാവസ്ഥ മൂലമോ, ഓപ്പറേഷണൽ ഏര്യായിലോ/ ഫീൽഡ് ഏര്യയ്ക്കുള്ളിലോ വച്ചുണ്ടാകുന്ന മൈൻ സ്ഫോടനത്തിലോ, കെണിയിൽപ്പെട്ടോ, വാഹനാപകടത്തിലോ കൊല്ലപ്പെടുകയോ/ അംഗഭംഗം സംഭവിക്കുകയോ/കാണാതാകുകയോ ചെയ്യുന്ന സാഹചര്യത്തിൽ 29.04.2002 ലെ സ.ഉ(പി)110/02/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ജവാന്റെ ഒരു ആശ്രിതന്/ആശ്രിതയ്ക്ക് സംസ്ഥാന സർക്കാർ സർവ്വീസിലെ ക്ലാസ്സ് III / IV കാറ്റഗറിയിലെ താഴ്ന്ന ഗ്രേഡിൽ തൊഴിൽ സഹായം ലഭിക്കുന്നതിന് അർഹതയുണ്ട്.

2. സൈനിക സേവനത്തിനിടെ 26.04.2000 ൽ ജമ്മു & കാശ്മീരിൽ വച്ച് കൊല്ലപ്പെട്ട സൈമൺ ജെ യുടെ മകൾ കുമാരി.സൗമ്യ എസ് പ്രസ്തുത ഉത്തരവിൻപ്രകാരം തൊഴിൽ സഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3. തൊഴിൽ സഹായം സംബന്ധിച്ച ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം തൊഴിൽ സഹായത്തിന് അപേക്ഷ സമർപ്പിക്കേണ്ടുന്ന സമയപരിധി കാഷ്വാലിറ്റി സംഭവിച്ച് 3 വർഷത്തിനകമോ മരണപ്പെട്ടയാളുടെ ആശ്രിതൻ മൈനർ ആണെങ്കിൽ പ്രായപൂർത്തിയായതിന് ശേഷം 3 വർഷത്തിനകമോ ആണ്. പ്രസ്തുത വ്യവസ്ഥ പ്രകാരം തൊഴിൽ സഹായത്തിനുള്ള അപേക്ഷ കുമാരി.സൗമ്യ എസ്

11.12.2015 നകം സമർപ്പിക്കേണ്ടിയിരുന്നു. എന്നാൽ ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് 18.11.2021 ലാണ്. ആർമി ആഫീസിൽ നിന്നും ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചത് 29.10.2021 ലാണെന്നും അതിനാലാണ് അപേക്ഷ സമർപ്പിക്കുവാൻ കാലതാമസം ഉണ്ടായിട്ടുള്ളതെന്നും അപേക്ഷക ബോധിപ്പിച്ചിട്ടുണ്ട്. LNK.സൈമൺ ജെ യുടെ മരണം ജമ്മുകാശ്മീരിൽ തീവ്രവാദ വിരുദ്ധ പ്രവർത്തനങ്ങൾക്ക് നിയോഗിച്ചിരിക്കെ തീവ്രവാദികളുമായുണ്ടായ ഏറ്റുമുട്ടലിലാണ്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കിയാൽ അപേക്ഷകയ്ക്ക് തൊഴിൽ സഹായത്തിന് അർഹതയുള്ളതാണ് എന്നിങ്ങനെ സൈനിക ക്ഷേമവകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

4. സർക്കാർ ഈ വിഷയം പരിശോധിച്ചു. തൊഴിൽ സഹായം നൽകുന്നതിന് അനിവാര്യ രേഖയായ, ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം LNK.സൈമൺ ജെ യുടെ മരണം സൈനിക സേവനത്തിനിടെ ഓപ്പറേഷൻ ഏര്യായിൽ വച്ച് തീവ്രവാദികളുമായുണ്ടായ ഏറ്റുമുട്ടലിലാണ്. അപേക്ഷകയുടെ മാതാവും മരണപ്പെട്ടിട്ടുള്ളതാണ്. അപേക്ഷകയുടെ ജനന തീയതി 12.12.1994 ആണ്. ടിയാരിക്ക് ക്ലാർക്ക് തസ്തികയിൽ നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യതയുള്ളതാണ്.

5. ഈ സാഹചര്യത്തിൽ ഇതൊരു പ്രത്യേക കേസായി പരിഗണിച്ച്, തൊഴിൽ സഹായം സംബന്ധിച്ച 29.04.2002 ലെ സ.ഉ.(പി)110/2002/പൊ.ഭ.വ ഉത്തരവിലെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി സംബന്ധിച്ച ഖണ്ഡിക 7 ലെ വ്യവസ്ഥകളിൽ ഇളവ് അനുവദിച്ച് സൈനിക സേവനത്തിനിടെ ജമ്മു കാശ്മീരിൽ വച്ച് കൊല്ലപ്പെട്ട LNK.സൈമൺ ജെ യുടെ മകൾ കുമാരി സൗമ്യ എസ്, സൈജ ഭവൻ, ചാങ്ങ പി.ഒ, വെള്ളനാട് വില്ലേജ്, നെടുമങ്ങാട് താലൂക്ക്, തിരുവനന്തപുരം-ന് ടിയാൻ നിയമനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള കോട്ടയം ജില്ലയിൽ ക്ലർക്ക് തസ്തികയിൽ, തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. കോട്ടയം ജില്ലയിൽ ക്ലാർക്കിന്റെ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.ബിജു ഐ.എ.എസ്**
**ഗവൺമെന്റ് സെക്രട്ടറി**

പകർപ്പ്-

1. കുമാരി സൗമ്യ എസ്, സൈജ ഭവൻ, ചാങ്ങ പി.ഒ, വെള്ളനാട് വില്ലേജ്, നെടുമങ്ങാട് താലൂക്ക്, തിരുവനന്തപുരം-695 542 (രജിസ്റ്റേർഡ് തപാലിൽ അക്നോളജ്മെന്റ് സഹിതം)
2. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
5. പൊതുഭരണ (എസ്.സി) വകുപ്പ് (11.01.2023 തീയതിയിലെ ഇനം നമ്പർ.1297 പ്രകാരം)
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
7. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ